# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 173 — 16.06.2014-ൽ മറുപടിക്ക്

### മത്സ്യബന്ധനയാനങ്ങൾ കപ്പലുകളുമായി കൂട്ടിയിടിച്ചുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.സി.മോയിൻകുട്ടി<br>" എം. ഉമ്മർ<br>" റ്റി.എ.അഹമ്മദ് കബീർ<br>" കെ.മുഹമ്മദുണ്ണി ഹാജി | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കേരള തീരത്തുനിന്നും മത്സ്യബന്ധനത്തിനു കടലിൽ പോകുന്ന വള്ളങ്ങളും ബോട്ടുകളും കപ്പലുകളുമായി കൂട്ടിയിടിച്ചുണ്ടാകുന്ന അപകടങ്ങൾ ആവർത്തിച്ചുണ്ടായിക്കൊണ്ടിരിക്കുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിച്ചിട്ടുണ്ടോ ; | (എ) | പരിഗണിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിന് സംസ്ഥാനതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ബി) | കപ്പൽ ചാനലുകളിൽ മത്സ്യബന്ധനം നടത്തുന്നത് ഒഴിവാക്കുന്നതിനുള്ള ബോധവത്കരണം മത്സ്യത്തൊഴിലാളികൾക്ക് മറൈൻ എൻഫോഴ്സ്മെന്റ് വഴിയും കടൽ ജാഗ്രതാ സമിതി വഴിയും നൽകിയിട്ടുണ്ട്. കൂടാതെ മത്സ്യബന്ധന യാനങ്ങളിൽ ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനും കപ്പലുകൾ ശ്രദ്ധയിൽപ്പെട്ടാൽ ടി ഭാഗത്ത് നിന്ന് ഒഴിഞ്ഞ് പോകുന്നതിനും കടലിലെ നിയമങ്ങൾ പാലിക്കുന്നതിനും ആവശ്യമായ ബോധവത്കരണം മത്സ്യഭവൻ വഴിയും കോസ്റ്റ് ഗാർഡിന്റെ നേതൃത്വത്തിലും മാദ്ധ്യമങ്ങൾ വഴിയും നൽകി വരുന്നു. |
| (സി) | അവിചാരിതമായി ഇത്തരം അപകടങ്ങളിൽപ്പെടുന്ന മത്സ്യബന്ധനയാനങ്ങളിലുള്ളവർക്ക് അടിയന്തിര സഹായം എത്തിക്കുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | അപകടത്തിൽപ്പെടുന്നവർക്ക് അടിയന്തിര സഹായം ലഭ്യമാക്കുന്നതിനായി 6 ഫിഷറീസ് സ്റ്റേഷനുകൾ മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി, ഡിസാസ്റ്റർ മാനേജ്മെന്റ് തുടങ്ങിയവയുമായി സഹകരിച്ച് അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | അപകടത്തിൽപ്പെട്ട് നഷ്ടം സംഭവിക്കുന്ന മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷയും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി അടിയന്തിര ധനസഹായവും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ